**കേരള സർക്കാർ**

**തദ്ദേശ സ്വയംഭരണ (ഇ.പി.എ ) വകുപ്പ്**

നം.294/ഇപിഎ 4/2019/ തസ്വഭവ തിരുവനന്തപുരം: തീയതി :10/08/2019.

## സർക്കുലർ

വിഷയം: തസ്വഭവ-പ്രളയ ദുരിതാശ്വാസം-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി സ്വീകരിക്കേണ്ട നടപടികൾ-അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്

സൂചന: 09/08/2019-ലെ സഉ(ആർടി)നം.1735/2019/തസ്വഭവ. നം.ഉത്തരവ്.

ദുരന്ത നിവാരണ അതോറിറ്റിയുടെയും, ജില്ലാ ഭരണകൂടത്തിൻറെയും നേതൃത്വത്തിൽ നടക്കുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങളിലും, ദുരന്ത നിവാരണ പ്രവർത്തനങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സജീവമായ പങ്കാളിത്തത്തിന് ചുവടെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. പ്രകൃതി ദുരന്തം മൂലം ഒറ്റപ്പെട്ടുപോയ പ്രദേശങ്ങളിലേയ്ക്കുള്ള റോഡുകൾ അടിയന്തിര റിപ്പയറിംഗ് നടത്തി ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വാഹനങ്ങൾക്ക് കടന്നു പോകാൻ കഴിയുന്ന വിധമെങ്കിലും ഗതാഗതയോഗ്യ മാക്കേണ്ടതാണ്.
2. ദുരിതാശ്വാസ ക്യാമ്പുകളിൽ കുടിവെള്ളം, ഭക്ഷണം, ടോയ്ലറ്റ് സൗകര്യം എന്നിവയുടെ ലഭ്യത ഉറപ്പ് വരുത്തുക. ആവശ്യത്തിന് ടോയ്ലറ്റ് സൗകര്യങ്ങൾ ലഭ്യമല്ലെങ്കിൽ, ശുചിത്വമിഷൻ സഹായത്തോടെ താൽക്കാലിക/ Makeshift ടോയ്ലെറ്റുകൾ ഏർപ്പെടുത്തുക.
3. ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്നവരിൽ ഹൃദയ/കിഡ്നി/കരൾ സംബന്ധമായ രോഗങ്ങൾ മൂലമോ മറ്റ് അസുഖം മൂലമോ സ്ഥിരമായി മരുന്നു കഴിക്കുന്നവരോ പാലിയേറ്റീവ് ശ്രദ്ധ ആവശ്യമുള്ളവരോ, ഡയാലിസിസിന് വിധേയമാകേണ്ടവരോ ഉണ്ടെങ്കിൽ അത്തരക്കാരെ കണ്ടെത്തി അവരുടെ ആരോഗ്യ സംരക്ഷണത്തിനാവശ്യമായ നടപടികൾ ആരോഗ്യ വകുപ്പുമായി ചേർന്ന് കൈക്കൊള്ളാൻ കുടുംബശ്രീ പ്രവർത്തകർ ശ്രദ്ധിക്കേണ്ടണ്ടതാണ്.
4. ദുരിതാശ്വാസ ക്യാമ്പുകളിൽ പകർച്ചവ്യാധികൾ ഉണ്ടാകാതിരിക്കാൻ പ്രത്യേക കരുതലുകൾ സ്വീകരിക്കുക. മാലിന്യങ്ങൾ (ജൈവം/അജൈവം) കൃത്യമായി വേർതിരിക്കുകയും, ജൈവമാലിന്യം ക്യാമ്പുകളിൽ തന്നെ സംസ്കരിക്കുകയും, അജൈവ മാലിന്യം നീക്കം ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
5. അതത് ദുരിതാശ്വാസ ക്യാമ്പുകളിലുള്ള കുടുംബശ്രീ പ്രവർത്തകർ ക്യാമ്പ് നടത്തിപ്പിലും, ഭക്ഷണം പാകം ചെയ്യലിലും, മാലിന്യ സംസ്കരണത്തിലും, സജീവമായി സഹകരിക്കുന്നു എന്ന് ബന്ധപ്പെട്ട കുടുംബശ്രീ അധികൃതർ ഉറപ്പ് വരുത്തേണ്ടതാണ്.
6. പ്രകൃതി ക്ഷോഭത്തിൽ മരണപ്പെട്ടവരുടെ സംസ്കാരം ഉചിതമായ രീതിയിൽ നടത്തുന്നതിന് സഹായം ആവശ്യമുള്ളപക്ഷം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ റവന്യൂ അധികാരികളുമായി സഹകരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ക്യാമ്പുകളിലെ അന്തേവാസികൾക്ക് സംസ്കാര ചടങ്ങുകളിൽ പങ്കെടുക്കേണ്ടതുണ്ടെങ്കിൽ അതിനായി വാഹനസൗകര്യം ഉൾപ്പെടെയുള്ള സഹായം പഞ്ചായത്തിൻറെ നേതൃത്വത്തിൽ ഉറപ്പ് വരുത്തേണ്ടതാണ്.

7. ദുരിതകെടുതി മൂലമുള്ള മാനസിക ആഘാതത്തെ അതിജീവിക്കുവാൻ ആവശ്യമായ കൗൺസിലിംഗ് കുടുംബശ്രീ മുഖേന ഏർപ്പാടാക്കേണ്ടതാണ്.

8. ദുരന്ത മേഖലകളിൽ ആവശ്യത്തിന് സാങ്കേതിക വിഭാഗം ജീവനക്കാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ സേവനം, താരതമ്യേന പ്രളയ ദുരന്തം ബാധിക്കാത്ത തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും പുനർ വിന്യസിച്ച് ഉറപ്പാക്കേണ്ടതാണ്.

9. ട്രൈബൽ പ്രദേശങ്ങൾ ഉൾപ്പെടെ ഒറ്റപ്പെട്ട് പോയ പ്രദേശങ്ങളിലെ ജനങ്ങൾക്ക് അടിയന്തിര സഹായം (ഭക്ഷണം, മരുന്ന്, കുടിവെള്ളം) എത്തിക്കേണ്ടണ്ടതാണ്..

10. ദുരിതാശ്വാസ ക്യാമ്പുകളുടെ ആവശ്യകത ജില്ലാ ഭരണകൂടങ്ങളെ അറിയിക്കുകയും, ജില്ലാഭരണകൂടത്തിൻറെ നേതൃത്വത്തിൽ മാത്രം ക്യാമ്പുകൾ പ്രവർത്തിക്കുകയും ചെയ്യുക.

11. മുൻ വർഷത്തെ പ്രളയത്തിൽ ഓഫീസുകൾക്ക് നാശനഷ്ടം ഉണ്ടായതും ഇപ്പോൾ പ്രളയ ഭീഷണി ഉള്ളതുമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഫയലുകൾ/രേഖകൾ, കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ സുരക്ഷിത സ്ഥാനത്തേയ്ക്ക് മാറ്റേണ്ടണ്ടതാണ്.

**മിനിമോൾ എബ്രഹാം**
**ഗവണ്മെന്റ് അഡീഷണൽ സെക്രട്ടറി**

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
3. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
4. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
5. എല്ലാ ജില്ലാ കളക്ടർമാർക്കും
6. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾക്കും (വകുപ്പ് തലവൻ മുഖേന)
7. തദ്ദേശസ്വയംഭരണ ഇ.ഡ.ബ്ല്യൂ.വകുപ്പ്
8. ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
9. അക്കൗണ്ടൻറ് ജനറൽ (എൽ.ബി.എ.), തിരുവനന്തപുരം
10. എക്സിക്യൂട്ടീവ് ചെയർമാൻ/ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിൻറെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
11. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്:

1. ബഹു: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2. തദ്ദേശ സ്വയംഭരണ വകുപ്പ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ആഫീസർ